എഫ്.സി.സി/07/09/2018 തീയതി, 03.11.2018

## പരിപത്രം

വിഷയം :- മുഖ്യമന്ത്രിയുടെ ദിരിതാശ്വാസനിധിയിലേയ്ക്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുന്നതിലെ മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്

സൂചന :- (1) പരിപത്രം നം: 99/2018/ധന. തീയതി, 31.10.2018.
(2) പരിപത്രം നം: 100/2018/ധന. തീയതി, 31.10.2018.
(3) പുറത്തെഴുത്ത് നം: 7837/എ3/2/2018/ഭ.വി. തീയതി, 01.11.2018.

ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ശമ്പളം സംഭാവന നൽകുന്ന സ്കീമിൽ ചേരുന്നതിന് സന്നദ്ധതയുള്ള ജീവനക്കാർ ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ, പത്തോ അതിൽ കുറവ് ഗഡുക്കളായോ, കിഴിവ് നടത്തുന്നതിലേയ്ക്ക് **13.11.2018, ചൊവ്വാഴ്ച നാലു മണിക്കകം** എഫ്.സി.സി. സെക്ഷനിൽ സമ്മതപത്രം നൽകേണ്ടതാണ്.
2. നിലവിൽ യാതൊരു സമ്മതപത്രവും നൽകാതെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ശമ്പളത്തിൽ നിന്നും കിഴിവ് നടത്തപ്പെട്ടുകൊണ്ടിരിയ്ക്കുന്ന എല്ലാ ജീവനക്കാരും, ഒരു മാസത്തെ ശമ്പളം ഒന്നായോ, ഗഡുക്കളായോ തുടർന്നു കിഴിവ് നടത്തുവാൻ സന്നദ്ധരാകുന്ന പക്ഷം സമ്മതപത്രം **13.11.2018, ചൊവ്വാഴ്ച നാലു മണിക്കകം** എഫ്.സി.സി. സെക്ഷനിൽ നൽകേണ്ടതാണ്.
3. ഒരു മാസത്തെ ആകെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർക്ക് അവരുടെ സാമ്പത്തികശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ട് നൽകാവുന്നതാണ്.

അപേക്ഷകൾ നൽകുന്നതിന് പരിപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള സമയപരിധി ജീവനക്കാർ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഫിനാൻസ് ഓഫീസർ**

പകർപ്പ്:

1. സെക്ഷനുകൾ/ഡിപ്പാർട്ടുമെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ.
2. വൈസ് ചാൻസിലറുടെ പ്രൈവററ് സെക്രട്ടറി.
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ.
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ.
(ഭരണ വിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം).
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ/നോട്ടീസ് ബോർഡ്.